# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 490** **19-11-2019-ൽ മറുപടിക്ക്**

## ടൂറിസം വികസന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ പൈതൃക സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും അതിലൂടെ ടൂറിസം വികസനത്തിന്റെ സാധ്യതകൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ കല, സംസ്കാരം, മറ്റ് ലോക രാജ്യങ്ങളുമായുണ്ടായിരുന്ന വ്യാപാരത്തിന്റെ ചരിത്രം എന്നിവ വിളിച്ചോതുന്ന പദ്ധതികളാണ് മുസിരിസ്, ആലപ്പുഴ പൈതൃക പദ്ധതികൾ. പുരാവസ്തു ഗവേഷണം, സംരക്ഷണം, വിനോദ സഞ്ചാര സൗകര്യങ്ങൾ വികസിപ്പിക്കൽ, മ്യൂസിയങ്ങളുടെ വികസനം, വിപണനം തുടങ്ങിയവയാണ് ഈ പദ്ധതികളിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും ഇതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>**<u>പ്രധാന പൈതൃക സംരക്ഷണ പദ്ധതികൾ</u>**<br><br>**<u>മുസിരിസ് പൈതൃക പദ്ധതി</u>**<br><br>കേരളത്തിലെ കല, സംസ്കാരം, മറ്റ് ലോകരാജ്യങ്ങളുമായുണ്ടായിരുന്ന വ്യാപാരത്തിന്റെയും ചരിത്രം വിളിച്ചോതുന്ന പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഇതിൽ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, |

| | | | |
|---|---|---|---|
| | | | സിനഗോഗ്, മറ്റ് ചരിത്ര സ്മാരകങ്ങൾ എന്നിവയെ ജലപാത വഴി ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>**<u>ആലപ്പുഴ ഹെറിറ്റേജ് പ്രോജക്റ്റ്</u>**<br>നിലവിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിനോദ സഞ്ചാരകേന്ദ്രമായ ആലപ്പുഴയുടെ സമഗ്ര വികസനമാണ് ഈ പ്രോജക്റ്റ് വഴി വകുപ്പ് ലക്ഷ്യമിടുന്നത്. ആലപ്പുഴയുടെ തനത് ഉല്പന്നമായ കയറുമായി ബന്ധപ്പെട്ടുള്ള പൈതൃക നിർമ്മാണ ശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം സജ്ജീകരിക്കുക, കനാലുകളും തോടുകളും കൂടുതൽ സഞ്ചാര യോഗ്യമാക്കി വിനോദ സഞ്ചാരികളെ കൂടുതലായി ആകർഷിക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്.<br>**<u>തലശ്ശേരി ഹെറിറ്റേജ് പ്രോജക്റ്റ്</u>**<br>തലശ്ശേരി പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിൽ ആദ്യ ഘട്ടത്തിൽ 4 പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി. ടി പ്രവൃത്തികളിൽ 1 ഒഴികെ (മൊയ്തുപാലം സംരക്ഷണം) ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) പ്രവൃത്തികൾ ഏറ്റെടുക്കുകയും |

| | | | |
|---|---|---|---|
| | | | പ്രവൃത്തി പൂർത്തീകരിച്ച വരികയുമാണ്.<br>1. പഴയ ഫയർ ടാങ്ക് സംരക്ഷണം, താഴെ അങ്ങാടി പൈതൃക വീഥിയായി വികസിപ്പിക്കൽ - 60,76,000/- രൂപ (90% പൂർത്തീകരിച്ചു)<br>2. തലശ്ശേരി പിയർ റോഡ് സംരക്ഷണം, ഭക്ഷ്യ വീഥി, ശില്പോദ്യാനമായി വികസിപ്പിക്കൽ - 2,12,54,000/- രൂപ (90% പൂർത്തീകരിച്ചു)<br>3. ഗുണ്ടർട്ട് ബംഗ്ലാവ് സംരക്ഷണം, ഭാഷാമ്യൂസിയം, ജർമ്മൻ പഠന കേന്ദ്രമായി വികസിപ്പിക്കൽ - 2,10,00,000/-രൂപ (ബംഗ്ലാവ് സംരക്ഷണ പ്രവൃത്തികൾ 80% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.<br>കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പദ്ധതിയുടെ പുരോഗതിക്കായി പൈതൃക മൂല്യമുള്ള തലശ്ശേരി പൈതൃകവുമായി ബന്ധപ്പെട്ട പുതിയ ഘടകങ്ങൾ കണ്ടെത്തുകയും അതിനുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുകയും ചെയ്യുന്നു.<br>2019 -ൽ താഴെ പറയുന്ന 6 ഘടകങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br>1. ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ്, കൊട്ടിയൂർ - 4,52,35,763/-രൂപ<br>2. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡവലപ്മെൻറ് & ലാൻഡ് സ്കേപ്പ് - 1,84,73,019/-രൂപ<br>3. താഴെ അങ്ങാടി സ്ട്രീറ്റ് ഡവലപ്മെൻറ് - 4,84,02,866/- രൂപ |

| | | | |
|---|---|---|---|
| | | | 4. തൊടീക്കളം ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ് - 2,57,35,841/ - രൂപ<br>5. വള്ളിയൂർകാവ് - ഡവലപ്മെൻറ് ഓഫ് മാർക്കറ്റ് ആൻറ് എക്സിബിഷൻ സ്പേസ് - 4,87,55,960/- രൂപ<br>6. വേ ഫൈന്റിംഗ് സൈനേജസ് ഓഫ് വേരിയസ് ഡെസ്റ്റിനേഷൻസ് ഓഫ് തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് - 1,30,00,000/-രൂപ |
| (ബി) | പുരാതനവും പ്രശസ്തവുമായ ആരാധനാലയങ്ങളുടെ സുരക്ഷയും പവിത്രതയും ആചാര രീതികളും നിലനിർത്തിക്കൊണ്ട് തീർത്ഥാടന ടൂറിസത്തിലൂടെ അഭിവൃദ്ധിയുണ്ടാക്കുവാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതിയ്ക്ക് വകുപ്പ് അതിയായ പ്രാധാന്യം നൽകി വരുന്നു. കേരളത്തിലെ പുരാതനവും പ്രശസ്തവുമായ ആരാധനാലയം സന്ദർശിക്കുന്ന തീർത്ഥാടകർക്കും മറ്റും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തീർത്ഥാടന ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ടൂറിസ്റ്റ് അമിനിറ്റി സെന്റർ, ഇന്റർപ്രെട്ടേഷൻ സെന്റർ, നടപ്പാതകൾ, വിശ്രമ കേന്ദ്രങ്ങൾ, ഇരിപ്പിടങ്ങൾ, തുടങ്ങിയ സൗകര്യങ്ങൾ പല ആരാധനാലയങ്ങളോടും ചേർന്ന് വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| Sl No | Name of Project | District | AS Amount |
|---|---|---|---|
| 1 | Tourism Development project at Aniyoor in Thiruvananthapuram District | Thiruvananthapuram | 30000000 |
| 2 | Pilgrim Tourism Amenity & Facilitation Centre at the Premises of Thiruvairanikkulam Mahadeva Temple | Ernakulam | 40000000 |
| 3 | Development of destination facilities at Manvila, Thiruvananthapuram | Thiruvananthapuram | 9870000 |
| 4 | Madavoor Para - Destination Development | Thiruvananthapuram | 70000000 |
| 5 | THP – Mridangasaileswari Temple- | Kannur | 36711931 |
| 6 | Pilgrim Tourism Development of Sree Valliyoorkavu Bhagavathy Temple – Arattuthara (Revised AS) | Wayanad | 7500000 |
| 7 | Destination Development at Varkala 2017 - Improvement to the renovation of Theerthakulam of Sree Janardhana Swami Temple and allied Structures at Varkala | Thiruvananthapuram | 9997000 |
| 8 | Development of Sabarimala - Erumeli - Pampa - Sannidhanam as a Spiritual Circuit in District Pathanamthitta, Kerala under Swadesh Darshan Scheme | Pathanamthitta | 999892000 |
| 9 | Punyadharshanam Complex at Sannidhanam | Pathanamthitta | 49900000 |
| 10 | Erumeli Pilgrim Hub | Kottayam | 20000000 |
| 11 | Renovation works of existing palace of Sree Narasimhaswami Temple, Muriyamangalam, Thiruvankulam in Ernakulam district | Ernakulam | 6200000 |
| 12 | .Renovation of Thirunelli Temple premises | Wayanad | 38000000 |
| 13 | Development at Guruvayoor temple under the PRASAD scheme | *Thrissur* | 461420000 |
| 14 | Kottiyoor Temple Tourism Experience Street | Kannur | 45235763 |
| 15 | Pilgrim Facilitation and Theyyam Exhibition/Interpretation centre at Andalurkavu, Thalassery, Kannur | Kannur | 36055621 |
| 16 | Pilgrim Heritage Circuit at Kolathukara, Thiruvananthapuram - Revised AS | Thiruvananthapuram | 29600000 |
| 17 | Construction of Auditorium at Aliyavoor Siva Temple, Thiruvananthapuram | Thiruvananthapuram | 20000000 |
| 18 | Construction of Auditorium at Kallampally Sri | Thiruvananthapuram | 8000000 |

| | | | |
|---|---|---|---|
| | Durga Temple, Thiruvananthapuram | | |
| 19 | Construction of Pilgrim Cum Facilitation Centre and Renovation of Pond in Udayadichapuram Temple, Kadakampally | Thiruvananthapuram | 39500000 |
| 20 | Development of Spiritual Circuit: Sivagiri Sree Narayana Guru Ashram- Aruvippuram-Kunnumpara Sree Subrahmania-Chembazhanthi Sree Narayana Gurukulam in Kerala - CSS project | Thiruvananthapuram | 694700000 |
| 21 | Construction of tourist facilitation centre at Kanichukulangara Devi temple | Alapuzha | 36500000 |
| 22 | Construction of tourist facilitation centre at Kanichukulangara Devi temple (2nd Phase) | Alapuzha | 21000000 |
| 23 | Construction of Amenity Centre at Kusamuttam Temple, Chellamangalam Temple, Avukkulam Temple, Puthukkunnu CSI Church at Thiruvananthapuram 2019 | Thiruvananthapuram | 83879438 |
| 24 | Development of Tourism at Dakshina kailasam Maheswaran Siva-Parvathy Temple | Thiruvananthapuram | 20000000 |
| 25 | Thodeekalam Temple- Development of Museum and Murals with Tourism Amenities | Kannur | 25735841 |

സെക്ഷൻ ഓഫീസർ